**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4905** **01-11-2021 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂളിലെ ഒഴിവുകളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് സ്കൂളുകളിൽ നിന്നും മന്ത്രിമാരുടെയും എം.എൽ.എ.മാരുടെയും പേഴ്സണൽ സ്റ്റാഫിലേക്ക് നിയമിതരായവരുടെ ഒഴിവിലേക്ക് ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നൽകാൻ നിലവിൽ തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) | എയ്ഡഡ് സ്കൂളുകളിൽ നിന്നും മന്ത്രിമാരുടെയും എം.എൽ.എ.മാരുടെയും പേഴ്സണൽ സ്റ്റാഫിലേക്ക് നിയമിതരായവരുടെ ഒഴിവിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നല്കാമെന്നു നിർദ്ദേശിക്കുന്ന പൊതു ഉത്തരവുകൾ നിലവിലില്ല. എന്നിരുന്നാലും 30 ദിവസത്തിലധികവും ഒരു അക്കാദമിക വർഷത്തിനുള്ളിലുള്ളതുമായ ദൈർഘ്യമുള്ള അവധി ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിൽ നികത്താൻ അനുമതി നൽകിയിട്ടുണ്ട്. മാത്രമല്ല, ഒരു അക്കാദമിക വർഷത്തിലധികം ദൈർഘ്യമുള്ള താത്ക്കാലിക ഒഴിവുകൾ സംരക്ഷിതാധ്യാപകരെ വച്ച് (കെ.ഇ.ആറിലെ വിവിധ ചട്ടപ്രകാരമുള്ള അവകാശികൾ നിയമനത്തിന് ലഭ്യമല്ലാത്ത പക്ഷം) നികത്താൻ കെ.ഇ.ആർ അധ്യായം 21 ചട്ടം 7(4) പ്രകാരം അനുമതിയുണ്ട്. |

സെക്ഷൻ ഓഫീസർ